"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ: DT/2314/2024-A2 തീയതി: 14-08-2024

**<u>2024 ഓൺലൈൻ ജനറൽ ട്രാൻസ്ഫർ വിജ്ഞാപനം - ഭേദഗതി</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - 2024 ഓൺലൈൻ ജനറൽ ട്രാൻസ്ഫർ വിജ്ഞാപനം ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 01.08.2024 ലെ DT/2314/2024-A2 നമ്പർ വിജ്ഞാപനം

*********

2024 വർഷത്തെ പൊതു സ്ഥലമാറ്റം ഓൺലൈൻ സമ്പ്രദായത്തിൽ നടത്തുന്നതിലേക്ക് പരാമർശ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി പുറപ്പെടുവിക്കുന്നു.

**<u>ഖണ്ഡിക 3</u>**

1. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആഭ്യന്തര, രജിസ്ട്രേഷൻ, മൃഗ സംരക്ഷണ, പഞ്ചായത്ത്, ഭൂജല വകുപ്പുകളിൽ ക്ലാർക്ക് സൂപ്പർ ന്യൂമററി തസ്തികകളിൽ തുടരുന്നവരെ വിവിധ വകുപ്പുകളിൽ ടി പദ്ധതിയിലേക്കായി റിപ്പോർട്ട് ചെയ്തിട്ടുള്ള ക്ലാർക്ക് തസ്തികകളിൽ ക്രമീകരിക്കുന്നതിന് 19.07.2024 ലെ സ.ഉ. (കൈ) നം. 80/2024/GAD നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നും, ശ്രീ.അരുൺ അഗസ്റ്റിനെ വകുപ്പിൽ ക്രമീകരിക്കുന്നതിന് ശുപാർശ നൽകിയിരിക്കുന്നു. ഇതിലേക്കായി ടിയാൻ കണ്ണൂർ ജില്ല choice ആയി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടിയാനെ കണ്ണൂർ ജില്ലയിലെ മാടായി ഗവ. ഐടിഐയിൽ, നിലവിൽ ക്രമീകരിക്കുന്നതിലേക്കായി ടി ഐടിഐയിലെ നിലവിലുള്ള തുറന്ന ഒഴിവിലേക്ക് പരിഗണിക്കുന്നു, ആയതിലേക്കായി ഖണ്ഡിക 3 പട്ടികയിൽ ക്രമ നം. 109 A ആയി ടി ഒഴിവ് കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നു.

2. ടി ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള ജീവനക്കാരുടെ വിവരങ്ങളോടൊപ്പം ക്രമ നമ്പർ 159 ആയി, ശൂന്യ വേതന അവധി കഴിഞ്ഞു 01.06.2024-ൽ പുനഃപ്രവേശനം നേടിയ നിലമ്പൂർ

ഐടിഐയിലെ സീനിയർ ഇൻസ്ട്രക്ടറായ ശ്രീ.അമൽ ചന്ദ്രയെ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നു.

| Sl.No | Name of Institute | Name of Official | PEN | Cadre Name | Method of Appointment |
|---|---|---|---|---|---|
| 109 A | ITI Madayi | Reserved for compassionate employment scheme | — | Clerk | Compassionate employment |
| 159 | ITI Nilambur | Amal Chandra | 642449 | Senior Instructor (Welder) | Re join |

**ഖണ്ഡിക 4**

മേൽ സാഹചര്യത്തിൽ 01.03.2024 മുതൽ ഉണ്ടായ ഒഴിവിൽ ട്രാൻസ്ഫർ നടത്താതെ സ്ഥാനക്കയറ്റവും, പി.എസ്.സി നിയമനവും, പുനഃപ്രവേശനവും, തസ്തിക മാറ്റവും ലഭിച്ച മേൽ കേഡറുകളിറിലെ ജീവനക്കാർക്ക് ജനറൽ ട്രാൻസ്ഫർ 2024ൽ സ്പാർക്ക് മുഖേനെ അപേക്ഷിക്കുവാനാകില്ല. എന്നത് ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തുന്നു.

മേൽ സാഹചര്യത്തിൽ 01.03.2024 മുതൽ ട്രാൻസ്ഫർ നടത്താതെ സ്ഥാനക്കയറ്റവും, പി.എസ്.സി നിയമനവും, പുനഃപ്രവേശനവും, തസ്തിക മാറ്റവും ലഭിച്ച മേൽ കേഡറുകളിറിലെ ജീവനക്കാർക്ക് ജനറൽ ട്രാൻസ്ഫർ 2024ൽ സ്പാർക്ക് മുഖേനെ അപേക്ഷിക്കുവാനാകില്ല.

മേൽ ഭേദഗതികളോട് കൂടി പരാമർശ വിജ്ഞാപനം നിലനിൽക്കുന്നതാണ്.

**ഒപ്പ്**

**ട്രെയിനിംഗ് ഡയറക്ടർ**

സ്വീകർത്താവ് :- വകുപ്പ് ജീവനക്കാർക്ക് (വകുപ്പ് വെബ് സൈറ്റ് മുഖേനെ)

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്